(ഡി) പദ്ധതിയിൽ അംഗമാകുന്നവർ താഴെ പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹരാണ്.

എല്ലാവിധ അപകട മരണവും	:	ഒരു ലക്ഷം രൂപ
പൂർണ്ണമായ അംഗവൈകല്യം	:	ഒരു ലക്ഷം രൂപ
രണ്ടു കാലുകൾ, കൈകൾ, കണ്ണുകൾ	:	ഒരു ലക്ഷം രൂപ
ഒരു കൈ/കാൽ/കണ്ണ് നഷ്ടം	:	50,000 രൂപ
അപകടങ്ങളിൽ മരിക്കുന്ന അംഗത്തിന്റെ രണ്ടു കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം	:	5,000 രൂപ വീതം
അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ രണ്ടു പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം	:	5,000 രൂപ വീതം
അപകടത്തിൽ മരണപ്പെടുന്ന അംഗത്തിന്റെ ശവശരീരം വീട്ടിൽ എത്തിക്കുന്നതിന് ധനസഹായം	:	1,000 രൂപ
മരണപ്പെട്ട അംഗത്തിന്റെ ശവസംസ്കാര ചടങ്ങിന് ധനസഹായം	:	1,000 രൂപ
ഗുരുതരമായി മുറിവേൽക്കപ്പെടുന്ന അംഗത്തിന്റെ ശുശ്രൂഷാ ചെലവിന് ധനസഹായം	:	5,000 രൂപ

***95 (387) സസ്യങ്ങളിൽ കണ്ടുവരുന്ന കീടബാധ**

ശ്രീ. എ. കണാരൻ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സസ്യങ്ങളിൽ കണ്ടുവരുന്ന കീടരോഗബാധ ഫലപ്രദമായി നിയന്ത്രിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ബി) സസ്യങ്ങളെ കീടങ്ങളിൽ നിന്നും രക്ഷിക്കാൻ എതിർ പ്രാണികളെ ഉപയോഗപ്പെടുത്തുന്നത് പ്രയോജനപ്രദമെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ ഇതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രവർത്തിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) മുഞ്ഞ, കുഴൽപ്പുഴു എന്നിവയുടെ ആക്രമണത്തിൽ നിന്നും നെല്ലിനെ രക്ഷിക്കാൻ എന്തെങ്കിലും പ്രവർത്തനം നടന്നുവരുന്നുണ്ടോ? എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. കീടരോഗബാധ ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ പഞ്ചായത്തിലെ കൃഷിഭവനിൽ വിവരമറിയിച്ചാൽ കൃഷി ഓഫീസർ സ്ഥലം

LIBRARY ARCHIVES Kerala Legislative Assembly

സന്ദർശിച്ച് നിയന്ത്രണമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതാണ്. ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസറെ വിവരമറിയിക്കുകയോ അല്ലെങ്കിൽ കൃഷി ഡയറക്ടറേറ്റിൽ വിവരം അറിയിക്കുകയോ ചെയ്യാവുന്നതാണ്. ഗുരുതരമായി കീടരോഗബാധ പടർന്നുപിടിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ ഡയറക്ടറേറ്റിലെ ദ്രുതകർമ്മവിഭാഗം സ്ഥലം സന്ദർശിച്ച് നിയന്ത്രണമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതാണ്. കീടനാശിനികൾ സബ്സിഡിയിൽ ലഭ്യമാക്കുന്നതിന് പദ്ധതികൾ നിലവിലുണ്ട്.

(ബി) ഉണ്ട്..

(സി)&(ഡി) ഉണ്ട്. കാർഷിക വിളകളെ ബാധിക്കുന്ന കീടരോഗങ്ങളെ ചെറുക്കുന്നതിനായി അനുയോജ്യമായ എതിർപ്രാണികളെയും സൂക്ഷ്മാണുക്കളേയും കണ്ടെത്തി വിപുലമായി ഉൽപ്പാദനം നടത്തി കുറഞ്ഞ ചെലവിൽ കർഷകർക്ക് ലഭ്യമാക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ മണ്ണുത്തിയിൽ ഒരു ബയോകൺട്രോൾ ലബോറട്ടറി സ്ഥാപിച്ചിട്ടുണ്ട്.

(ഇ) മുഞ്ഞ, കുഴൽപ്പുഴു എന്നിവയിൽ നിന്ന് നെല്ലിനെ രക്ഷിക്കാൻ ഫലപ്രദമായ നിയന്ത്രണമാർഗ്ഗങ്ങൾ ഗവേഷണകേന്ദ്രങ്ങളിൽനിന്നും കേരള സർവ്വകലാശാല കണ്ടെത്തിയിട്ടുണ്ട്. ഈ നിയന്ത്രണ മാർഗ്ഗങ്ങളാണ് ഇവയുടെ ആക്രമണം കണ്ടുവരുമ്പോൾ കർഷകർക്ക് നിർദ്ദേശിയ്ക്കുന്നത്.

96 (388) ബയോ കൺട്രോൾ ലാബുകൾ

ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബയോ-കൺട്രോൾ ലാബുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം;

(സി) ഈ ലാബുകളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് ബയോ കൺട്രോൾ ലാബുകളുടെ പ്രവർത്തനം വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൃശ്ശൂർ ജില്ലയിലെ മണ്ണുത്തിയിൽ

(സി) കാർഷികവിളകളെ ബാധിക്കുന്ന കീടരോഗങ്ങളെ ചെറുക്കുന്നതിനായി അനുയോജ്യമായ എതിർ പ്രാണികളെയും സൂക്ഷ്മാണുക്കളെയും വിപുലമായ ഉൽപ്പാദനം നടത്തി അവയെ കുറഞ്ഞ ചെലവിൽ കർഷകർക്ക് ലഭ്യമാക്കുക എന്നതാണ് ബയോ കൺട്രോൾ ലബോറട്ടറിയുടെ പ്രധാന ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly